**കേരള സർക്കാർ**

നം. 60/ഡിസി1/2019/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പ്,
തിരുവനന്തപുരം, തീയതി : 30.05.2019.

അഡീഷണൽ ചീഫ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), നഗരകാര്യ ഡയറക്ടറുടെ കാര്യാലയം.
ജോയിന്റ് ഡയറക്ടർ (ഭരണം), നഗരകാര്യ ഡയറക്ടറുടെ കാര്യാലയം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ.
ഐ.റ്റി.ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ.

സർ,

വിഷയം :- ത.സ്വ.ഭ.വ. - ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA No. 606/18 ന്മേലുള്ള 25.04.2019 ലെ ഉത്തരവ് - തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24.05.2019-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ - സംബന്ധിച്ച്.

ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA No. 606/18 ന്മേലുള്ള 25.04.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം കോർപ്പറേഷനിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.05.2019-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് തുടർനടപടിക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
മിനിമോൾ ഡി.,
ഡെപ്യൂട്ടി സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

**ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA No. 606/18 മേലുള്ള 25.04.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം കോർപ്പറേഷനിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.05.2019-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

യോഗത്തിൽ പങ്കെടുത്തവർ.

1. ശ്രീ.ടി.കെ.ജോസ് ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡോ.ഉമ്മുസൽമ്മ, ജോയിന്റ് ഡയറക്ടർ (ആരോഗ്യം), നഗരകാര്യ വകുപ്പ്
3. ഡോ.എ.ശശി കുമാർ, ചീഫ് ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ
4. ശ്രീ.പി.കേശവൻ നായർ, എം.ഡി.ക്ലീൻ കേരള കമ്പനി
5. ശ്രീ.ബി.കെ.ബലരാജ് ജോയിന്റ് ഡയറക്ടർ (ഭരണം), നഗരകാര്യ വകുപ്പ്
6. ശ്രീ.ജി.വി.ശ്യാം, ഐ.ടി.ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ

യോഗം 3.30 ന് ആരംഭിച്ചു.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ പലസ്ഥലങ്ങളിലും പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവമാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയും ജലസ്രോതസുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്തയിടെ പാർവ്വതിപുത്തനാർ ശുചീകരണ സമയത്തും പ്ലാസ്റ്റിക് ഉൾപ്പെടെ അജൈവ മാലിന്യങ്ങൾ ജലാശയങ്ങളിൽ നിക്ഷേപിച്ചതായി കാണപ്പെട്ടു എന്ന് പല പരാതികളും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ യോഗം അടിയന്തിരമായി വിളച്ചതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA No. 606/2018 ലെ 16.01.2019, 25.04.2019 എന്നീ തീയതികളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലെ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അടിയന്തരമായി നടപ്പിലാക്കേണ്ട വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്ത് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിന് തീരുമാനിച്ചു

1. കോർപ്പറേഷനിലെ 100 വാർഡുകളിലും 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം നഗര ഖര മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി, ഇനി അടിയന്തിരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം. നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏതെല്ലാം രീതിയിൽ മെച്ചപ്പെടുത്താം, കോർപ്പറേഷനിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) എവിടെയെല്ലാം നിലവിലുണ്ട്, ഏതെല്ലാം വാർഡുകളിൽ പുതിയതായി MCF-കൾ സ്ഥാപിക്കേണ്ടതുണ്ട്, എവിടെയെല്ലാം RRF-കൾ പ്രവർത്തിക്കുന്നുണ്ട്, പുതുതായി എവിടെയെല്ലാം RRF-കൾ സ്ഥാപിക്കേണ്ടതുണ്ട് തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ action plan തയ്യാറാക്കി NGT യുടെ അടുത്ത സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ (SLMC) മീറ്റിംഗിന് മുമ്പായി സമർപ്പിക്കണം.

നടപടി - സെക്രട്ടറി & ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ
മോണിറ്ററിംഗ് - ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), നഗരകാര്യ ഡയറക്ടറേറ്റ്.
ജോയിന്റ് ഡയറക്ടർ (ഭരണം), നഗരകാര്യ ഡയറക്ടറേറ്റ്.
സമയപരിധി - 1 ആഴ്ച.

2. താഴെപറയുന്ന വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി കോർപ്പറേഷന്റെ web site പ്രസിദ്ധപ്പെടുത്തണം.

- നഗരസഭയുടെ ജൈവമാലിന്യ സംസ്കരണ ബിന്നുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നു?
- അജൈവമാലിന്യങ്ങൾ ഏതെല്ലാം ദിവസങ്ങളിൽ എവിടെയെല്ലാം സ്വീകരിക്കും ?
- ജൈവമാലിന്യ ശേഖരണത്തിനായി ബയോബിന്നുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട് ?
- എം.സി.എഫ്. എവിടെയെല്ലാം പ്രവർത്തിക്കുന്നു?
- ആർ.ആർ.എഫ്. എവിടെയെല്ലാം പ്രവർത്തിക്കുന്നു?
- മാലിന്യശേഖരണത്തിനായി കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ വാർഡു തിരിച്ചുള്ള വിശദ വിവരങ്ങൾ.
- ഈ ഏജൻസികൾ ശേഖരിക്കുന്ന മാലിന്യങ്ങൾ എപ്രകാരം എവിടെ സംസ്കരിക്കുന്നു?
- അജൈവ മാലിന്യങ്ങൾ എങ്ങനെയാണ് അവർ ശേഖരിക്കുന്നത്?
- അജൈവ മാലിന്യങ്ങൾ എവിടെ, എങ്ങനെ സംസ്കരിക്കുന്നു?
- ബാക്കിയുള്ള വാർഡുകളിൽ മുൻപുണ്ടായിരുന്ന കുടുംബശ്രീ ക്ലീൻ കേരള ബിസിനസ്സ് മോഡലിൽ NULM പദ്ധതയിൽപെടുത്തി ഉറവിട ശേഖരണം ആരംഭിക്കാൻ കഴിയുമോ?

- ➢ മാലിന്യസംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങൾ.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ
ഐ.റ്റി. ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ.
സമയപരിധി - 2 ദിവസം

3. അജൈവ മാലിന്യങ്ങളുടെയും ഇ-മാലിന്യത്തിന്റെയും സംസ്കരണത്തിന് ക്ലീൻ കേരള കമ്പനിയുടെ സേവനം എങ്ങനെയെല്ലാം ഉപയോഗിക്കാൻ കഴിയും എന്ന് കോർപ്പറേഷൻ വിശദമായി പരിശോധിച്ച് ആയതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ട കുടിശ്ശിക തുക മേയ് 31-ന് മുമ്പായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ.
MD, Clean Kerala Company Limited.
മോണിറ്ററിംഗ് - ജോയിന്റ് ഡയറക്ടർ (ഭരണം), നഗരകാര്യ ഡയറക്ടറേറ്റ്.
സമയപരിധി - 31.05.2019.

4. തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ പലസ്ഥലങ്ങളിലും പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവമാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയും ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് ഉത്തരം പ്രവർത്തനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് കോർപ്പറേഷൻ ഉറപ്പ് വരുത്തേണ്ടതാണ്.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ.
മോണിറ്ററിംഗ് - ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), നഗരകാര്യ ഡയറക്ടറേറ്റ്.

5. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017 മേയ് 15-ാം തീയതിയിൽ ചേർന്ന യോഗത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധികളിൽ ആവശ്യത്തിന് എം.സി.എഫും. കുറഞ്ഞത് ആറ് സ്ഥലങ്ങളിൽ എങ്കിലും ആർ.ആർ.എഫും തുടങ്ങണമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും കോർപ്പറേഷൻ ഇത് പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. അതിനാൽ എല്ലാ വാർഡുകളിലും എം.സി.എഫും., കുറഞ്ഞത് 6 സ്ഥലങ്ങളിൽ ആർ.ആർ.എഫും സ്ഥാപിക്കാനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ

മോണിറ്ററിംഗ് - ജോയിന്റ് ഡയറക്ടർ (ഹെൽത്ത്),
ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), നഗരകാര്യ ഡയറക്ടറേറ്റ്.

6. അജൈവമാലിന്യങ്ങൾ തരംതിരിച്ച് പുനചംക്രമണം (recycle) ചെയ്യുകയും പുനരുപയോഗം സാധ്യമാക്കുകയും പ്ലാസ്റ്റിക്ക് ഷ്രഡ് ചെയ്യുകയും ജൈവമാലിന്യം ശേഖരിച്ച് സംസ്കരിച്ച് ജൈവവളം, ബയോഗ്യാസ് തുടങ്ങിയവ ഉൽപ്പാദിക്കുകയും ചെയ്യുന്ന തരത്തിൽ എല്ലാ വാർഡുകളിലും മാലിന്യസംസ്കരണം ഫലപ്രദമായ വ്യവസായ മാതൃകയാക്കി (business model) മാറ്റുന്നതിനുള്ള കർമ്മപദ്ധതി കോർപ്പറേഷൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ

7. നിലവിൽ മാലിന്യശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഭാവിയിൽ നിയോഗിക്കുന്നവർക്കും കോർപ്പറേഷൻ തിരിച്ചറിയൽ കാർഡ് (Identity Card) നൽകേണ്ടതും ആവശ്യമായ പരിശീലനങ്ങൾ നൽകേണ്ടതുമാണ്.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ

8. കോർപ്പറേഷന് മാലിന്യ സംസ്കരണത്തിന് ഒരു 'മൊബൈൽ ആപ്പ്' നിലവിലുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. അതു പരിശോധിക്കുമ്പോൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എല്ലാ ദിവസവും സംഭരിക്കുന്നുണ്ടെങ്കിലും മറ്റ് അജൈവ മാലിന്യങ്ങൾ വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമേ ശേഖരിക്കുന്നുള്ളൂ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മാലിന്യങ്ങളും കഴിയുമെങ്കിൽ എല്ലാ മാസവും ഒന്നോ രണ്ടോ ദിവസം വീതം ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ എന്ന് കോർപ്പറേഷൻ പരിശോധിക്കണം.

നടപടി - ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ

യോഗം വൈകുന്നേരം 4.30 ന് അവസാനിച്ചു.